"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറായിരുന്ന മരണപ്പെട്ട എസ്. ഗോപകുമാർ -ന്റെ സസ്പെൻഷൻ/ഡിസ്മിസൽ കാലയളവുകൾ ക്രമീകരിച്ചു കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.**160/2026/AGRI** തീയതി,തിരുവനന്തപുരം, **17-02-2026**

---

പരാമർശം:-
1. സ.ഉ.(സാധാ)നം.**34/95**/എഡി തീയതി, **06.01.1995**
2. സ.ഉ.(സാധാ)നം.**935/98**/എഡി തീയതി **24.06.1998**
3. സ.ഉ.(സാധാ)നം.**733/2000**/എഡി തീയതി **12.04.2000**
4. സ.ഉ.(കൈ)നം.**104/05/AD**തീയതി **13.07.2005**
5. ശ്രീമതി കെ.സി. ജയശ്രീ സമർപ്പിച്ച **30.06.2021** ലെ നിവേദനം
6. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ **09.09.2021, 22.06.2023** ലെ **SVC(1)15496/03** നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ അസിസ്റ്റന്റ് അഗ്രികൾച്ചറൽ എഞ്ചിനീയറായി കൊല്ലം ജില്ലയിൽ സേവനമനുഷ്ഠിച്ചു വരവെ എസ്. ഗോപകുമാർ-നെ പരാമർശം **(1)** സർക്കാർ ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്യപ്പെടുകയും പരാമർശം **(2)** ഉത്തരവ് പ്രകാരം സർവ്വീസിൽ തിരിച്ചെടുക്കുകയും തുടർന്ന് പരാമർശം **(3)** ഉത്തരവ് പ്രകാരം ടിയാനെ വീണ്ടും സസ്പെൻഡ് ചെയ്യപ്പെടുകയുമുണ്ടായി.

**2.** ശ്രീ .എസ് ഗോപകുമാറിന്റെ ഭാര്യയായ ശ്രീമതി കെ.സി. ജയശ്രീ പരാമർശം **(5)** പ്രകാരം സർക്കാരിൽ സമർപ്പിച്ച നിവേദനത്തിൽ **1989-1990** കാലഘട്ടത്തിൽ കോട്ടയം ജില്ലയിൽ സേവനമനുഷ്ഠിക്കവെ ക്രമക്കേടുകൾ നടത്തി എന്നാരോപിച്ച് എസ്.ഗോപകുമാറിനെതിരെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ **CC 38/2000** നമ്പറായി കേസ് ഫയൽ ചെയ്തിരുന്നുവെന്നും ഇതിനെതിരെ എസ്.ഗോപകുമാർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത അപ്പീൽ അനുവദിക്കുകയും ടിയാനെ കുറ്റവിമുക്തനാക്കുകയും വിജിലൻസ് കോടതിയുടെ വിധി അസാധുവാക്കുകയും ചെയ്തെന്നും **1992-1995** കാലഘട്ടത്തിൽ കൊല്ലം ജില്ലയിൽ സേവനമനുഷ്ഠിക്കവെ വിജിലൻസ് കോടതിയിൽ ഫയൽ ചെയ്യപ്പെട്ട **CC 48/99** നമ്പർ കേസിലെ

വിധിക്കെതിരെയും ശ്രീ എസ് ഗോപകുമാർ **CRLA/1417/2007** ആയി ബഹു. ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും പ്രസ്തുത അപ്പീലും അനുവദിച്ചുകൊണ്ടും വിജിലൻസ് കോടതി ഉത്തരവ് അസാധുവാക്കിക്കൊണ്ടും ബഹു.ഹൈക്കോടതി ഉത്തരവായി. ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത അപ്പീൽ വിധിയാകുന്നതുവരെ തീരുമാനം മാറ്റിവയ്ക്കണമെന്ന ശ്രീ.എസ് ഗോപകുമാറിന്റെ അപേക്ഷ പരിഗണിക്കാതെ പരാമർശം **(4)** പ്രകാരം ടിയാനെ സർവ്വീസിൽ നിന്നും ഡിസ്മിസ് ചെയ്യുകയുണ്ടായി . ടിയാൾ **31.05.2020**-ൽ മരണപ്പെട്ടുവെന്നും **18.01.1995** മുതൽ ഉപജീവനബത്ത പോലും ലഭിച്ചിട്ടില്ലെന്നും ബഹു.ഹൈക്കോടതി രണ്ട് കേസുകളിലും കുറ്റവിമുക്തനാക്കിയിട്ടുള്ള സാഹചര്യത്തിൽ, എസ്. ഗോപകുമാർ, സസ്പെൻഷനിൽ പോയ **18.01.1995** മുതൽ, സർവ്വീസിലുണ്ടായിരുന്നുവെങ്കിൽ സ്റ്റേറ്റ് അഗ്രികൾച്ചർ എഞ്ചിനീയറായി വിരമിക്കേണ്ടിയിരുന്ന **31.05.2011** വരെ അദ്ദേഹത്തിന് അർഹതപ്പെട്ട ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ, പ്രൊമോഷനുകൾ എന്നിവയും **DCRG**, പെൻഷൻ ആനുകൂല്യങ്ങൾ ഫാമിലി പെൻഷൻ മറ്റ് അർഹതപ്പെട്ട ആനുകൂല്യങ്ങൾ എന്നിവയും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി.

**3. 12/02/1979** ൽ കൃഷി അസിസ്റ്റന്റ് എഞ്ചിനീയർ ആയി സേവനത്തിൽ പ്രവേശിച്ച എസ്.ഗോപകുമാറിനു **12/1981** ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുകയും **1989-1990** കാലഘട്ടത്തിൽ ശ്രീ.എസ്.ഗോപകുമാർ കോട്ടയം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ആയിരിക്കവേ നടത്തിയ സാമ്പത്തിക ക്രമക്കേടുകളുടെ പേരിൽ ടിയാനെ പരാമർശം **(3)** പ്രകാരം സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്തു. ടി വിഷയത്തിന്മേൽ **V C 01/95/KTM** നമ്പറായി കേസ് ഫയൽ ചെയ്യുകയും ബഹു. എൻക്വയറി കമ്മിഷണർ & സ്പെഷ്യൽ ജഡ്ജ് തൃശ്ശൂർ മുമ്പാകെ ഫയൽ ചെയ്തിരുന്ന **CC.No.38/2000** കേസിൽ ടിയാൻ കുറ്റക്കാരനെന്ന് കണ്ടെത്തുകയും **29.03.2003**-ാം തീയതിയിലെ ഉത്തരവ് പ്രകാരം ടിയാനു ജയിൽ ശിക്ഷയും പിഴയും വിധിക്കുകയും ചെയ്തുവെന്നും തുടർന്ന് ടിയാനെ സസ്പെൻഡ് ചെയ്ത തീയതി **(12.04.2000)** പ്രാബല്യത്തിൽ പരാമർശം **(4)** പ്രകാരം സേവനത്തിൽ നിന്നും പിരിച്ചുവിടുകയും ചെയ്തുവെന്നും ടി വിധിന്യായത്തിനെതിരെ ശ്രീ എസ്.ഗോപകുമാർ ബഹു:കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത **Crl.A 567/2003** അപ്പീൽ അനുവദിക്കുകയും ടിയാനെ കുറ്റവിമുക്തനാക്കുകയും **08.02.2011**-ലെ ഉത്തരവ് പ്രകാരം വിജിലൻസ് കോടതിയുടെ **29/03/2003**-ലെ വിധി അസാധുവാക്കുകയും ചെയ്തിരുന്നു. ടി വിധിയ്ക്കെതിരെ അപ്പീൽ നടപടികൾക്ക് സാധുതയില്ലെന്ന് അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെടുകയുണ്ടായിയെന്നും കൂടാതെ **1992-1995** കാലഘട്ടത്തിൽ കൊല്ലം ജില്ലയിൽ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയി സേവനമനുഷ്ഠിക്കവെ നടത്തിയ ക്രമക്കേടുകളുടെ പേരിൽ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ ക്രൈം **V C 04/94 KLM** നമ്പറായി ഫയൽ ചെയ്തിരുന്ന വിജിലൻസ് കേസ് **CC 48/99** നമ്പർ കേസായി വിചാരണ ചെയ്യുകയും ടി കേസിലെ

30.07.2007-ലെ ഉത്തരവിൽ ടിയാൻ കുറ്റക്കാരനാണെന്ന് കണ്ടെത്തി ശിക്ഷിക്കുകയും ഉണ്ടായി. ടി വിധിക്കെതിരെ ഗോപകുമാർ **Crl.A 1417/2007** ആയും **CC 48/99** നമ്പർ കേസിലെ രണ്ടാം പ്രതിയായിരുന്ന ശ്രീ യൂസഫ് സൈഫുദ്ദീൻ **CRLA/1535/2007** ആയും ബഹു. ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയുണ്ടായിയെന്നും ടി ഹൈക്കോടതി വിധിയാകുന്നതിനു മുൻപ് **31.05.2020**-ൽ എസ്. ഗോപകുമാർ മരണപ്പെട്ടുവെന്നും പിന്നീട് **09.06.2021**-ൽ **CRLA/1417/2007, CRLA/1535/2007** എന്നിവയിന്മേൽ അപ്പീൽ അനുവദിച്ചു കൊണ്ടും ഹൈക്കോടതി പൊതു ഉത്തരവാകുകയും ഗോപകുമാറിനെ കുറ്റവിമുക്തനാക്കുകയും ഉണ്ടായി. ബഹു.ഹൈക്കോടതി വിധിക്കെതിരെ സർക്കാർ **SLP(crl) 7089-7090/ 2021** ഫയൽ ചെയ്യുകയും, എന്നാൽ എസ്. ഗോപകുമാർ മരണപ്പെട്ട സാഹചര്യത്തിൽ ടി അപ്പീൽ **04.12.2023** ലെ ഉത്തരവ് പ്രകാരം ബഹു: സുപ്രീം കോടതി തള്ളിക്കളയുകയും ചെയ്തിട്ടുണ്ടെന്നും കൂടാതെ, സാമ്പത്തിക ക്രമക്കേടുകളുടെ പേരിൽ സസ്പെൻ്റ് ചെയ്യപ്പെടുകയും എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് മുമ്പാകെ ഫയൽ ചെയ്തിരുന്ന **CC No. 38/2000** കേസിന്മേൽ കുറ്റക്കാരനെന്ന് കണ്ടെത്തി ഡിസ്മിസ് ചെയ്യപ്പെടുകയും ചെയ്ത കൃഷി അസിസ്റ്റൻ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഗോപകുമാറിൻ്റെ സസ്പെൻഷൻ കാലം, സസ്പെൻഷൻ കാലയളവിലെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും പ്രസ്തുത കാലയളവിൽ ടിയാൻ കൈപ്പറ്റിയ ഉപജീവനബത്തയിൽ പരിമിതപ്പെടുത്തിയും മുൻ സർവീസ് കാലം നിലനിർത്തിക്കൊണ്ട് സസ്പെൻഷൻ കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിക്കാവുന്നതാണെന്നും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം **(6)** പ്രകാരം സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുകയുണ്ടായി.

**4.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൃഷി അസിസ്റ്റൻ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന **31.05.2020**-ന് മരണപ്പെട്ട എസ്.ഗോപകുമാർ -ൻ്റെ **12.04.2000** മുതൽ **12.07.2005** വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തിയും, **13.07.2005** മുതൽ **31.05.2011** വരെയുള്ള സർവ്വീസിൽ നിന്നും നീക്കം ചെയ്തിരുന്ന കാലയളവ് ഉപജീവന ബത്തയ്ക്ക് തുല്യമായ തുകയിൽ നിജപ്പെടുത്തിയും ഈ കാലയളവുകൾ എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവാകുന്നു.

**5.** കൂടാതെ ശ്രീ എസ്.ഗോപകുമാറിൻ്റെ **06.01.1995** മുതൽ സർവീസിൽ തിരികെ പ്രവേശിപ്പിച്ചുകൊണ്ടുള്ള പരാമർശം **(2)** ഉത്തരവിൻ്റെ തലേ ദിവസം **(23.6.1998** വരെ) വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ടും ടി സസ്പെൻഷനു ശേഷം സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചുകൊണ്ടുള്ള പരാമർശം **(2)** ഉത്തരവ് തീയതി മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള **(29/6/1998 ) KSRs Part I Rule-56B(9) Note-2** പ്രകാരം പ്രവേശന കാലമായോ അർഹമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിക്കുന്നതിന് കാർഷിക

വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
ശ്രീമതി കെ.സി. ജയശ്രീ ( **W/0 Late** ശ്രീ എസ്.ഗോപകുമാർ **(Janakaja Vilas, Old T.C. 28/170, New T.C. 83/231, Kaithamukku, Thiruvananthapuram-695024))**
ധനകാര്യ വകുപ്പ് **(2160678/Agri-B2/293/2022-FIN dtd 09-01-2026)**
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(Agri-EA3/3/2022-Agri)**

ഉത്തരവിൻ പ്രകാരം
Signed by
Aswathi S Poonkavanam
Date: 17-02-2026 14:43:29
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ -യ്ക്ക്.